# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 28, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**മുഖ്യമന്ത്രി**

**<u>കുടിയേറ്റവും പ്രവാസവും</u>**

*301 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി സമൂഹത്തിന്റെ സംസ്കാരവും അസ്തിത്വവും നിലനിർത്തി മുന്നോട്ട് പോകുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് നാലാം ലോക കേരള സഭയിൽ ഉയർന്നുവന്നതെന്ന് അറിയിക്കാമോ;

(ബി) സമീപകാലത്തായി ഇന്ത്യ ഒട്ടേറെ വിദേശരാജ്യങ്ങളുമായി സമഗ്ര സഹകരണത്തിനുള്ള കരാറുകളിൽ ഒപ്പുവയ്ക്കാറുണ്ടെങ്കിലും അതിൽ കുടിയേറ്റം വിഷയമാകാറില്ല എന്നത് നാലാം ലോക കേരള സഭയിലെ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുടിയേറ്റവും പ്രവാസവും ലോകത്താകെ ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സംസ്ഥാനത്ത് നിന്നുള്ള കുടിയേറ്റവും വർദ്ധിക്കാനിടയുണ്ടെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ കുടിയേറ്റ തൊഴിലാളികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻകൈ എടുക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ?

**<u>യുവജന സംഘടനാ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ</u>**

*302 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകക്ഷി മുൻ എം.എൽ.എ. ഉൾപ്പെടെയുള്ളവർ പ്രതിപക്ഷ യുവജന സംഘടന നേതാവിന്റെ പേരിൽ സാമൂഹ്യ മാധ്യമം വഴി വ്യാജ പോസ്റ്റർ പ്രചരിപ്പിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോ; അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ?

## <u>തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലെ വ്യാജ പോസ്റ്റർ</u>

*303 **ശ്രീമതി കെ. കെ. രമ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ലോക്സഭാ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പ്രതിപക്ഷ യുവജന സംഘടന നേതാവ് എതിർ സ്ഥാനാർഥിക്കെതിരെ വർഗീയ ചേരിതിരിവുണ്ടാക്കുന്ന പോസ്റ്റർ പ്രചരിപ്പിച്ചുവെന്ന് ഭരണകക്ഷി മുൻ എം.എൽ.എ. അടക്കമുള്ളവർ വ്യാജപ്രചാരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിപക്ഷ യുവജന സംഘടന നേതാവിന്റെ പേരിലുള്ള പ്രസ്തുത പോസ്റ്റർ വ്യാജമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഇത് പ്രചരിപ്പിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറാകുമോ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>ബാറുടമകളുടെ പരാതിയിന്മേൽ നടപടി</u>

*304 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും എക്സൈസ്, ടൂറിസം മന്ത്രിമാരുടെയും പാർട്ടിയുടെയും പേര് പറഞ്ഞ് ബാർ ഉടമകളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ ഭീഷണിപ്പെടുത്തി പണപ്പിരിവ് നടത്തുകയാണെന്ന് സംഘടനയുടെ ജില്ലാ ഘടകങ്ങളിലെ അംഗങ്ങൾ മുഖ്യമന്ത്രിക്ക് പരാതി നല്കിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി</u>**

*305 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും ജില്ലാ ഓഫീസുകളിലും ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യസാധനങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരിശോധനാ ഫലത്തിന്മേൽ നടപടി സ്വീകരിക്കുന്നില്ലെന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന് അതത് വർഷം റിട്ടേൺ ഫയൽ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കാത്ത ഭക്ഷ്യോല്പന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**<u>വ്യക്തിഗത വേൾഡ് റിക്കാർഡ് ജേതാക്കളെ പ്രോത്സാഹിപ്പിക്കൽ</u>**

*306 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സൽ റിക്കാർഡ്സ് ഫോറം, ലിംക ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്, ഗിന്നസ് വേൾഡ് റിക്കാർഡ് എന്നിവ നേടുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ കുട്ടികളെ ഇത്തരം ഉദ്യമങ്ങളിലേക്ക് ആകർഷിക്കുന്നതിനുമായി ധനസഹായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) ഇത്തരം റിക്കാർഡ് ജേതാക്കൾക്ക് സർക്കാർ നേരിട്ട് നടത്തുന്ന കേരളീയം പോലുള്ള സംസ്ഥാന-ജില്ലാതല പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിന് അവസരം നൽകുമോ; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികൾ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹനമായി അക്കാദമിക് - മത്സര പരീക്ഷകളിൽ ഗ്രേസ് മാർക്ക് നല്കുന്നത് പരിഗണിക്കുമോ;

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്താൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

**<u>ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം</u>**

*307 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോളജ് ഇക്കോണമി മിഷൻ സംസ്ഥാനത്തെ തൊഴിലന്വേഷണവും തൊഴിൽ ദാതാക്കളെയും കോർത്തിണക്കുന്നതിനായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന് രൂപം നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പോർട്ടലിൽ ഇതുവരെ എത്ര തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തെന്നും അതിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ലോകത്തിലെ ഏറ്റവും വലിയ ടാലന്റ് മാർക്കറ്റ് പ്ലേസ് ആകുവാൻ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന തീരുമാനങ്ങളും നടപടികളും എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>**ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല**</u>

*308 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന ശക്തമായ നിയമ നടപടികളുടെയും ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) നോ ടു ഡ്രഗ്സ് എന്ന പേരിൽ സംഘടിപ്പിച്ച ബോധവൽക്കരണ പ്രചരണ പരിപാടി വലിയതോതിൽ ഗുണം ചെയ്തതായി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പരിപാടിയിൽ എന്തെല്ലാം പ്രചാരണ രീതികൾ അവലംബിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പൊതുസ്ഥലങ്ങളിലും വിദ്യാലയ പരിസരങ്ങളിലും ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല തീർക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ശൃംഖലയിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>**വയോമൈത്രി പദ്ധതി**</u>

*309 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ കരുതലും സ്നേഹവും പരിചരണവും ആഗ്രഹിക്കുന്ന കാലമാണ് വാർദ്ധക്യകാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാജ്യത്തുതന്നെ ജനസംഖ്യാനുപാതികമായി വയോജനങ്ങളുടെ എണ്ണം കൂടുതലുള്ള സംസ്ഥാനം കേരളമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തെ കൂടുതൽ വയോജന സൗഹൃദമാക്കുവാൻ വയോമൈത്രി പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; തെരഞ്ഞെടുത്ത ജില്ലകളിൽ നിന്നുള്ള കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളെ (സി.ഡി.എസ്.) പൈലറ്റ് അടിസ്ഥാനത്തിൽ വയോമൈത്രി സി.ഡി.എസ്. ആക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വയോജന വിദ്യാഭ്യാസം, വയോജനങ്ങൾക്കായുള്ള ഉപജീവന പദ്ധതികളുടെ നടത്തിപ്പ് എന്നീ രംഗങ്ങളിൽ കുടുംബശ്രീ മുഖേന കൂടുതൽ പ്രവർത്തന പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) വയോജനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ റിലേഷൻഷിപ്പ് കേരള എന്ന പേരിൽ വയോജന അയൽക്കൂട്ട രൂപീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>ദുരന്ത നിവാരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി</u>

*310 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടൽ ഉണ്ടാകുന്ന സ്ഥലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ദുരന്ത നിവാരണ സംവിധാനം എപ്രകാരം ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

## <u>കുവൈറ്റിലെ മംഗഫിലുണ്ടായ തീപിടിത്തം</u>

*311 **ശ്രീ കെ യു ജനീഷ് കുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുവൈറ്റിലെ മംഗഫിലുണ്ടായ തീപിടിത്തത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിയ്ക്ക് അടിയന്തര സന്ദേശം അയച്ചിരുന്നോ;

(ബി) കുവൈറ്റ് സർക്കാരുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഇന്ത്യൻ എംബസിക്ക് നൽകണമെന്ന് പ്രസ്തുത സന്ദേശത്തിൽ അഭ്യർത്ഥിച്ചിരുന്നോ;

(സി) ദുരന്ത പശ്ചാത്തലത്തിൽ മന്ത്രിസഭാ യോഗം ചേർന്ന് സ്ഥിതിഗതികൾ വിശദമായി ചർച്ച ചെയ്തിരുന്നോ; ദുരന്ത മുഖത്തെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുവാനും പ്രവാസികളെ ആശ്വസിപ്പിക്കുന്നതിനുമായി മന്ത്രിസഭയുടെ പ്രതിനിധി എന്ന നിലയിൽ ആരോഗ്യ വകുപ്പ് മന്ത്രിയെ കുവൈറ്റിൽ അയയ്ക്കുന്നതിന് തീരുമാനിച്ചിരുന്നോ;

(ഡി) പ്രസ്തുത യാത്രാനുമതിയ്ക്കായി കേന്ദ്രസർക്കാരിന് രേഖാമൂലം കത്ത് നൽകിയിരുന്നോ; അതിന്മേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം

*312 **ശ്രീമതി ഉമ തോമസ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക നടത്തിയ പഠനത്തിൽ സംസ്ഥാനത്തുനിന്നും വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം അഞ്ചുവർഷത്തിനുള്ളിൽ ഇരട്ടിയായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെ കുടിയേറ്റം തടയാൻ നോർക്ക നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

## നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ

*313 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും വിദേശരാജ്യങ്ങളിലേയ്ക്ക് തൊഴിൽ, ബിസിനസ്സ്, പഠനം തുടങ്ങിയവയ്ക്കായി പോകുന്ന അവസരത്തിൽ വിദ്യാഭ്യാസ-വ്യക്തിഗത വിവരങ്ങൾ അടങ്ങിയ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി നോർക്ക റൂട്ട്സ് വഴി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേന്ദ്ര-മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർട്ടിഫിക്കറ്റ് ഓതന്റിഫിക്കേഷൻ സെന്ററുകളുടെ സേവനം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സെന്ററുകൾ നിലവിൽ എവിടെയെല്ലാമാണ് ഉള്ളതെന്നും അവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

## സ്മാർട്ട് പി.ഡി.എസ്. പദ്ധതി

*314 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് മാതൃകയായ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആധുനികവല്ക്കരിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) രാജ്യത്തെ ഭക്ഷ്യസംരക്ഷണ-വിതരണ ശൃംഖല എല്ലാ സംസ്ഥാനങ്ങൾക്കും ഏകീകൃതമാക്കുന്നതിന് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന സ്മാർട്ട് പി.ഡി.എസ്. പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കാൻ നിർബന്ധിതമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുക വഴി എന്തെല്ലാം ഗുണ-ദോഷങ്ങൾ ഉണ്ടാകുമെന്ന് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ കേന്ദ്ര ഭക്ഷ്യ നിയമ പ്രകാരം നഷ്ടപ്പെടുമെന്ന് കേന്ദ്രത്തിന്റെ വ്യവസ്ഥകളിൽ നിഷ്കർച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പൊതുവിതരണ സംവിധാനം നടപ്പാക്കുന്നതിൽ സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകളും അതിന് ആവശ്യമായ തീരുമാനങ്ങളും കൈക്കൊള്ളുമോ?

## ആശാ വർക്കർമാർക്ക് അടിസ്ഥാന ശമ്പളവും ഇൻസെന്റീവും നൽകാൻ നടപടി

*315 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാ വർക്കർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ആശാ വർക്കർമാർക്ക് അടിസ്ഥാന ശമ്പളവും ഇൻസെന്റീവും നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ**

*316 **ശ്രീ. പി. വി. അൻവർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാർ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുമ്പോഴും ഏതെല്ലാം തരത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങളാണ് സംസ്ഥാനം നടപ്പിലാക്കി വരുന്നതെന്നും അവ ഓരോന്നിന്റെയും പുരോഗതിയും വെളിപ്പെടുത്താമോ;

(സി) പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന വൻകിട പദ്ധതികൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**ബഹുനില കെട്ടിടങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം**

*317 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരം അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്ന കച്ചവട സ്ഥാപനങ്ങളിലെയും ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനത്തെപറ്റി പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുമോ; ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) ബഹുനില കെട്ടിടങ്ങളിലെ തീപിടുത്തം നേരിടുന്നതിനായി സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കി ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിനെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**നോർക്ക റൂട്ട്സിന്റെ തൊഴിൽ റിക്രൂട്ട്മെന്റ്**

*318 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983-ലെ എമിഗ്രേഷൻ ആക്റ്റ് പ്രകാരം വ്യവസ്ഥാപിതവും നിയമപരവും സുരക്ഷിതവുമായ വിദേശ തൊഴിൽ റിക്രൂട്ട്മെന്റിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള രാജ്യാന്തര റിക്രൂട്ട്മെന്റ് ലൈസൻസുള്ള ഏജൻസിയായി മാറാൻ നോർക്ക റൂട്ട്സിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിലേയ്ക്കാണ് നോർക്ക റൂട്ട്സ് വഴി തൊഴിൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നതെന്ന് അറിയിക്കാമോ; ഇതുവരെ നടത്തിയ റിക്രൂട്ട്മെന്റിന്റെ പുരോഗതി അറിയിക്കാമോ;

(സി) പുതുതായി ഏതെല്ലാം രാജ്യങ്ങളിലേയ്ക്കുള്ള തൊഴിൽ റിക്രൂട്ട്മെന്റിനുള്ള സാധ്യതകളാണ് ഏജൻസി ആരായുന്നത്;

(ഡി) നോർക്ക റൂട്ട്സ് വഴി നടത്തിവരുന്ന തൊഴിൽ റിക്രൂട്ട്മെന്റിന് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ

*319 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ;

(സി) ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ പ്രതിരോധിക്കുന്നതിനായി സ്വീകരിക്കേണ്ട സുരക്ഷാ നിർദേശങ്ങൾ സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## നോർക്ക റൂട്ട്സ് ഓതന്റിക്കേഷൻ സെന്ററുകൾ

*320 **ശ്രീ. എച്ച്. സലാം**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേയ്ക്ക് പോകേണ്ടി വരുന്ന അവസരങ്ങളിൽ മാതൃരാജ്യത്തെ വിദ്യാഭ്യാസ യോഗ്യതയും മറ്റും ആധികാരികമാക്കുന്നതിലേയ്ക്കായി നോർക്ക റൂട്ട്സ് ഓതന്റിക്കേഷൻ സെന്ററുകൾ വഴി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും

അറിയിക്കാമോ;

(സി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് നോർക്ക റൂട്ട്സ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ദേശീയ സാക്ഷരതാ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്, സംസ്ഥാന സാക്ഷരതാ മിഷൻ എന്നീ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ നോർക്ക റൂട്ട്സ് സാക്ഷ്യപ്പെടുത്തി നൽകാറുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ അറിയിക്കുമോ?

**<u>പോലീസ് സേനയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>**

*321 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട ക്രമസമാധാനപാലനം ഉറപ്പുവരുത്തുന്നതിന് മികച്ച കാര്യശേഷിയുള്ള സേനയായി കേരള പോലീസിനെ പരിവർത്തനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് മികച്ച ക്രമസമാധാന പരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പോലീസ് സേവനങ്ങൾ ജനോപകാരപ്രദമാക്കുന്നതിനും വേഗത്തിൽ ലഭ്യമാക്കുന്നതിനും ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്ന പരിപാടിയുടെ അംബാസഡർമാരായി സൈബർ വോളണ്ടിയർമാരെ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

**<u>നാലാം ലോക കേരള സഭ</u>**

*322 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളായ മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും അവർ സംസ്ഥാന വികസനത്തിനായി മുന്നോട്ട് വെയ്ക്കുന്ന വികസന സമീപനവും ചർച്ച ചെയ്യുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും നാലാം ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രവാസികളുടെ ഉന്നമനത്തിനായി കുടുംബശ്രീ മാതൃകയിൽ പ്രവാസി മിഷൻ രൂപം നൽകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സമ്മേളനത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആഗോള നിക്ഷേപ സംഗമം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**വഴിയോര ഭക്ഷണശാലകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടി**

*323 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയോരങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ, തട്ടുകടകൾ എന്നിവയ്ക്ക് ശുചിത്വ പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; ഭക്ഷ്യസുരക്ഷയും ശുചിത്വവും ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(ബി) രാത്രികാലങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പരിശോധിക്കാൻ പ്രത്യേകമായി സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ക്ലീൻ ആന്റ് സേഫ് സ്ട്രീറ്റ് ഫുഡ് എന്ന ആശയം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കുവൈറ്റ് ദുരന്തം**

*324 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് ഗൾഫുനാടുകളിലുണ്ടായ ഏറ്റവും വലിയ തീപിടിത്തം എന്ന നിലയിൽ കുവൈറ്റ് ദുരന്തത്തെ ഗൗരവമായിക്കാണുന്നുണ്ടോ;

(ബി) ദുരന്ത പശ്ചാത്തലത്തിൽ കുവൈറ്റ് സർക്കാരുമായി ബന്ധപ്പെട്ട് നോർക്ക റൂട്ട്സ് വഴി എന്തെല്ലാം ഏകോപന- ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ദുരന്തത്തിൽ ഇതുവരെ എത്ര മലയാളികൾ മരണപ്പെട്ടിട്ടുണ്ട്; അവരിൽ എത്ര പേരുടെ മൃതശരീരം നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ഇതിനകം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം നൽകാൻ നടപടി</u>**

*325 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. സണ്ണി ജോസഫ്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം ലഭിക്കുന്നില്ല എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് മിനിമം ഇരുനൂറു ദിവസത്തെ ജോലി അനുവദിക്കാനും വേതനം സമയബന്ധിതമായി നൽകാനും കേന്ദ്ര സർക്കാർ തലത്തിൽ ഇടപെടൽ നടത്തുമോയെന്നറിയിക്കാമോ?

**<u>രക്തബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>**

*326 **ശ്രീ വി ജോയി**

**ശ്രീ എം മുകേഷ്**

**ഡോ. സുജിത് വിജയൻപിള്ള**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ രക്തബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി രക്തദാനവും രക്തഘടകങ്ങൾ വേർതിരിച്ചെടുക്കുന്നതിനും കഴിയുന്നതരത്തിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഫലമായുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മുതൽ 2024 വരെയുള്ള കാലയളവിൽ സന്നദ്ധ രക്തദാനത്തിന് ലക്ഷക്കണക്കിനാളുകൾ തയ്യാറായതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജീവരക്ഷയ്ക്കായി പ്രതിഫലേച്ഛ കൂടാതെ കൃത്യമായ ഇടവേളകളിൽ രക്തദാനത്തിന് സന്നദ്ധരാകണമെന്ന സംസ്ഥാന സർക്കാരിന്റെ സന്ദേശം ഫലപ്രദമാകുന്നുണ്ടോ;

(ഡി) അടുത്ത ഒരു വർഷത്തോടെ സന്നദ്ധ രക്തദാനം നൂറുശതമാനവും, 2026-ൽ രക്തഘടകങ്ങൾ വേർതിരിച്ചെടുക്കുന്നത് നൂറുശതമാനവും കൈവരിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വെളിപ്പെടുത്തുമോ?

**<u>മദ്യവും മയക്കുമരുന്നും അനധികൃതമായി കടത്തി കൊണ്ടുവരുന്നത് തടയാൻ നടപടി</u>**

*327 **ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകമാനം മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായ വിവിധ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതിർത്തിയിലെ ഊടുവഴികളിലൂടെ മദ്യവും മയക്കുമരുന്നും അനധികൃതമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും കടത്തി കൊണ്ടുവരുന്നത് തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെമു) എന്ന പേരിൽ ഒരു പട്രോളിംഗ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കുമോ?

## ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

*328 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പാർട്ട് ടൈം ആയി പ്രായമായവരെ ശുശ്രൂഷിക്കുന്നതിനും മറ്റ് അവശ്യ ജോലികൾക്കും വാർഡുകൾ തോറും തൊഴിൽ സേന രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ക്ലീനിംഗ്, ആരോഗ്യ ബോധവൽക്കരണം, രോഗികളുടെ പരിചരണം തുടങ്ങിയ ജോലികൾക്ക് പരിശീലനം നൽകുന്നതിന് മൂന്ന് മാസം, ആറ് മാസം കാലയളവുകളിലുള്ള കോഴ്സുകൾ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നടപടികൾ

*329 **ശ്രീ. എം.വിജിൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന വിവിധ തലങ്ങളിലുള്ള ഇടപെടലുകളുടെ ഫലമായി കഴിഞ്ഞ ആറു വർഷം കൊണ്ട് തൊഴിലില്ലായ്മ നിരക്കിലുണ്ടായിട്ടുള്ള വ്യത്യാസം വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ദേശീയ ശരാശരി നിരക്ക് നിലവിൽ എത്രയാണെന്നറിയിക്കുമോ;

(സി) പരമ്പരാഗത തൊഴിലുകൾക്കപ്പുറം ലോകത്ത് സൃഷ്ടിക്കപ്പെടുന്ന വിജ്ഞാന തൊഴിലവസരങ്ങൾക്ക് കൂടി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി രൂപീകരിച്ച കേരള നോളജ് ഇക്കോണമി മിഷന് അതിന്റെ ലക്ഷ്യ പ്രാപ്തിയിലേയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ-ഡിസ്കും കുടുംബശ്രീയുമായി ചേർന്ന് സംസ്ഥാനത്ത് നടത്തിയ തൊഴിൽ സർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>വിമുക്തി മിഷൻ പദ്ധതി</u>**

*330 **ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനായി എക്സൈസ് വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന വിമുക്തി മിഷൻ പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളോടനുബന്ധിച്ച് വിമുക്തി മിഷൻ, ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മിഷൻ വഴി നാളിതുവരെ എത്രപേർക്ക് കൗൺസിലിംഗ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(ഡി) സർക്കാർ ആശുപത്രികൾക്കൊപ്പം മികച്ച സ്വകാര്യ ആശുപത്രികളെക്കൂടി വിമുക്തി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 21, വെള്ളി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].